# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
## ഹോർട്ടികൾച്ചർ കോളേജ്,വെള്ളാനിക്കര

**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**

# എറണാകുളം

**E mail: kauagmet@yahoo.co.in, cohagmet@kau.in**

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ് 19/18(37), ചൊവ്വാഴ്ച** **തീയ്യതി 08.05.2018**

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 09.05.2018 | 10.05.2018 | 11.05.2018 | 12.05.2018 | 13.05.2018 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 10 | 18 | 6 | 8 | 10 |
| ഉയർന്ന താപനില (°C) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C) | 26 | 25 | 25 | 25 | 25 |
| മേഘവ്യാപ്തി (ഒക്ട) | 7 | 8 | 6 | 6 | 7 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 012 | 012 | 012 | 012 | 012 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 290 | 270 | 270 | 270 | 290 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/ രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | മൂപ്പെത്തുന്ന പരുവം | നെന്മണികളുടെ ഗുണനിലവാരത്തിനും ഒരുമിച്ച് വിളവെടുക്കുന്നതിനും വെള്ളം പൂർണമായും വാർത്തു കളയേണ്ടതാണ്. വിത്തിനായി ഉപയോഗിക്കുന്ന നെന്മണികൾ നന്നായി ഉണക്കി സൂക്ഷിക്കുക. |
| തെങ്ങ് | കൊമ്പൻ ചെല്ലി | കൊമ്പൻ ചെല്ലിക്കെതിരെ കർഷകർ ജാഗ്രത പാലിക്കേണ്ടതാണ്. കൊമ്പൻ ചെല്ലികളുടെ പുഴുക്കളെയും പ്യൂപ്പയെയും നശിപ്പിക്കുന്നതിനായി ചാണകക്കുഴികളിൽ മിത്രകുമിളായ മെറ്റാറൈസിയം 10-15 ഗ്രാം ഒരു ലിറ്റർ വെള്ളം എന്ന തോതിൽ കലക്കി ഒഴിക്കണം. കൂടാതെ വേപ്പിൻ പിണ്ണാക്കും മണലും സമാസമം ചേർത്ത് കൂമ്പിനു ചുറ്റുമുള്ള ഓലക്കവിളുകളിൽ ഇടുക. |
| പച്ചക്കറികൾ (പാവൽ) | കായീച്ച | കേടു വന്ന കായ്കൾ നശിപ്പിക്കുക. പച്ചക്കറികളിലെ കായീച്ചകളെ നിയന്ത്രിക്കാനുള്ള പ്രത്യേകമായ ഫിറമോൺ കെണിയായ ക്യൂലൂർ 6 എണ്ണം ഒരു ഏക്കറിന് അല്ലെങ്കിൽ തുളസി/പഴക്കെണികൾ ഉപയോഗിക്കുക. എന്നിട്ടും കുറവില്ലെങ്കിൽ 2 മില്ലി മാലത്തിയോൺ ലിറ്റർ ഒന്നിന് 10 ഗ്രാം ശർക്കര ചേർത്ത് പൂക്കുന്ന സമയത്തും കായ് പിടിക്കുന്ന സമയത്തും തളിച്ചു കൊടുക്കണം. |
| മൃഗസംരക്ഷണം | ഈച്ച, കൊതുക്, ചെള്ള് മുതലായ ബാഹ്യപരാദങ്ങളെ അകറ്റുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക. (CAADECCS, KVASU, Mannuthy) | |